# ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ ഒക്ടോബറിൽ

## കഴിയുന്നത്ര അംഗങ്ങളെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കാനും വിജയിപ്പിച്ചെടുക്കാനും ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുക

**പ്രിയപ്പെട്ട അംഗസംഘടനാ നേതാക്കളെ ,**

2020 ഒക്ടോബർ മൂന്നാംവാരം കേരളത്തിൽ ത്രിതലപഞ്ചായത്തു തെരഞ്ഞെടുപ്പു നടക്കുകയാണ്. നമ്മെപ്പോലെയുള്ള ചെറിയ പിന്നോക്ക സമുദായങ്ങൾക്ക് ത്രിതല പഞ്ചായത്തു ഭരണത്തിൽ കഴിയുന്നത്ര പ്രാതിനിദ്ധ്യം ഉറപ്പാക്കേണ്ടത് വളരെ അത്യാവശ്യമണ്. ചിന്നിചിതറി താമസിക്കുന്നവരും സംഘടിതശക്തി-യില്ലാത്തതും വോട്ടു ബാങ്കില്ലാത്തവരുമായ എംബിസിഎഫിൽപ്പെട്ട സമുദായങ്ങൾ കേരളത്തിലെ എല്ലാ പഞ്ചായത്തു മുനിസിപ്പാലിറ്റി,കോർപ്പറേഷനുകളിലും കഴിയുന്നത്ര വാർഡുകളിൽ ഐക്യത്തോടെയും ഒത്തൊ-രുമിച്ചും സഹകരിച്ചും പ്രവർത്തിച്ചാൽ നിശ്ചയമായും പല വാർഡുകളിലും ശക്തമായ മത്സരംകാഴ്ചവയ്ക്കാനും അധികാരം കുത്തകയാക്കി വച്ചിരിക്കുന്നവരെ തോല്പിക്കാനും അട്ടിമറിനടത്തികൊണ്ട് ജയിക്കുന്നവരെ തോല്പിക്കാനും പല വാർഡുകളിലും അംഗങ്ങളെ വിജയിപ്പിച്ചെടുക്കുവാനും കഴിയും.

യുഡിഎഫും,എൽഡിഎഫും,ബിജെപിയും ഓരോ വാർഡുകളിലും സ്ഥാനാർത്ഥികളെ നിശ്ച-യിക്കുമ്പോൾ എംബിസിഎഫിൽ ഉൾപ്പെട്ട സമുദായങ്ങളിലെ അംഗങ്ങൾക്ക് മത്സരിക്കുന്നതിന് പാർട്ടി ടിക്കറ്റുകൾ നൽകണമെന്ന് അതാതുതലങ്ങളിലെ യുഡിഎഫ്,എൽഡിഎഫ്,ബിജെപി ഭാരവാഹികളോടും തെരഞ്ഞെടുപ്പു സമിതികളോടും ആവശ്യപ്പെടണം. അതിനായി എംബിസിഎഫിന്റെ ജില്ലാമണ്ഡം നേതാക്കളും ഓരോ അംഗസംഘടനകളുടെയും നേതാക്കളും അതാത് തലങ്ങളിലെ യുഡിഎഫ്,എൽഡിഎഫ്,ബിജെപി നേതാക്കന്മാരുമായി ബന്ധപ്പെട്ടുസംസാരിക്കുകയും വിശദമായ കത്തുകൾകൊടുക്കുകയും വേണം. മത്സരിക്കാൻ സാദ്ധ്യതയുള്ള നമ്മുടെ അംഗങ്ങളെ കണ്ടെത്തി മത്സരിപ്പിക്കാനും സീറ്റുകൾ ഉറപ്പാക്കാനും പരമാവധി ശ്രമിക്കണം.

ഏതു പാർട്ടിയായാലും എംബിസിഎഫിൽ ഉൽപ്പെട്ട സമുദായാംഗങ്ങൾക്ക് സീറ്റു നൽകുന്ന സ്ഥലങ്ങളിലെല്ലാം രാഷ്ട്രീയ വ്യത്യാസമില്ലാതെ അവർക്ക് പിന്തുണ നൽകണം. ഒരു പഞ്ചായത്തിൽ ഒന്നോരാണ്ടോ വാർഡുകളിൽ യുഡിഎഫും മറ്റു ചില വാർഡുകളിൽ എൽഡിഎഫും വേറെ ഏതെങ്കിലും വാർഡുകളിൽ ബിജെപിയും എംബിസിഎഫ് സമുദായങ്ങളിലുള്ള വരെ സ്ഥാനാർത്ഥികളാക്കാനും, പിന്തുണയ്ക്കാനും തീരുമാനിച്ചാൽ അതാതു വാർഡുകളിൽ യുഡിഎഫിനേയും എൽഡിഎഫിനേയും ബിജെപിയേയും പിന്തുണയ്ക്കുന്നതിൽ യാതൊരു മടിയും കാണിക്കേണ്ടതില്ല എന്നുമാത്രമല്ല ഈ പഞ്ചായത്തുകളിൽ മറ്റ് ഏതെങ്കിലും വാർഡുകളിൽ എംബിസിഎഫിൽ ഉൾപ്പെട്ട ഒരാൾ എംബിസിഎഫിന്റെ തീരുമാനമനുസരിച്ചു സ്വതന്ത്രനായി മത്സരിക്കുകയാണെങ്കിൽ അവിടെ അയാൾക്കും എംബിസിഎഫ് സമുദായങ്ങൾ പിന്തുണ നൽകണം. ഒരു വാർഡിൽ എംബിസിഎഫിൽ തന്നെയുള്ള ഒന്നിലധികം അംഗങ്ങൾ പരസ്പരം മത്സരിക്കാനുള്ള സാഹചര്യം പരമാവധി ഒഴിവാക്കണം. അതിനു കഴിയാതെ വന്നാൽ ജയിക്കാൻ കൂടുതൽ സാധ്യതയുള്ള സ്ഥാനാർത്ഥിക്ക് രാഷ്ട്രീയം നോക്കാതെ പരിപൂർണ്ണ പിന്തുണ നൽകണം. മാത്രമല്ല എംബിസിഎഫിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് കൂടുതൽ ആനുകൂല്യമായ നിലപാടു സ്വീകരിക്കുമെന്നുറപ്പുള്ളവർക്ക് ആദ്യ പിന്തുണ നൽകണം. അതുമല്ല എങ്കിൽ അവിടെ ആര് ജയിച്ചാലും പ്രശ്നമില്ല എന്ന നിലപാടു സ്വീകരിക്കണം. ഇത്തരം സന്ദർഭങ്ങളിൽ അടിയന്തിരമായി ജില്ലാ ഭാരവാഹികൾ ഇടപെടുകയും പരിഹാരം നിർദ്ദേശിക്കുകയും തീരുമാനമെടുക്കുകയും വിവരം സംസ്ഥാന ഭാരവാഹികളെ അറിയിച്ച് അംഗീകാരം വാങ്ങുകയും വേണം.

ഏതെങ്കിലും കക്ഷികളിൽ ഉൾപ്പെട്ടോ സ്വതന്ത്രനായോ എംബിസിഎഫിൽ ഉൾപ്പെട്ട ഒരാൾ മത്സരിച്ചാൽ എംബിസിഎഫിലെ എല്ലാ സംഘടനകളും അംഗങ്ങളും ആ ആളിന് പരിപൂർണ്ണ പിന്തുണ നൽകണം.

ഒരു പഞ്ചായത്തിൽ എംബിസിഎഫിലെ ഉൾപ്പെട്ട ഒന്നോരണ്ടോ ആളുകളെ യുഡിഎഫ് മാത്രം സ്ഥാനാർത്ഥിയാക്കുകയാണെങ്കിൽ ആ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും എംബിസിഎഫിന്റെ പിന്തുണ യുഡിഎഫിനായിരിക്കും. അതുപോലെ ഒരു പഞ്ചായത്തിൽ എംബിസിഎഫിൽ ഉൾപ്പെട്ട ഒന്നോരണ്ടോ ആളുകളെ എൽഡിഎഫ് മാത്രം സ്ഥാനാർത്ഥികളാക്കുകയാണെങ്കിൽ ആ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും എംബിസിഎഫിന്റെ പിന്തുണ എൽഡിഎഫിനും ഇതുപോലെ  ബിജെപി ചെയ്യുകയാണെങ്കിൽ അവിടെ ബിജെപിക്കും പിന്തുണ നൽകണം.

എംബിസിഎഫിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരംഗം ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിലെ അംഗമോ ഏതെങ്കിലും സ്ഥാനമാനങ്ങൾ വഹിക്കുന്നവരോ പ്രധാന പ്രവർത്തകനോ ആണെങ്കിൽ ആ ആളിനെ ആ പ്രവർത്തനങ്ങളിൽ ശക്തമായി തുടരാൻ സഹായിക്കുകയും ടിയാളിന് കഴിയുന്നത്ര പിന്തുണ ഉറപ്പാക്കുകയും ചെയ്യണം. അതിനായി ഇത്തരക്കാരെ നേരിട്ടു കണ്ട് സംസാരിക്കുകയും നമ്മുടെ നയങ്ങളും പരിപാടികളും പ്രവർത്തനങ്ങളും ബോദ്ധ്യപ്പെടുത്തുകയും ടിയാളിന്റെ സഹകരണം ഉറപ്പാക്കുകയും വേണം. എംബിസിഎഫുമായും സമുദായവുമായും സഹകരിക്കാത്ത ആളാണെങ്കിൽ ടിയാളിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ അതാത് ഘടകങ്ങൾക്ക് പൂർണ്ണ അധികാരമുണ്ട്.

## <u>തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ടരീതികൾ</u>

ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ നമ്മുടെ ഒരംഗത്തെ സ്ഥാനാർത്ഥിയാക്കുകയാണെങ്കിൽ ആ ആളിന്റെ വിജയത്തിനുവേണ്ടി എതിർപക്ഷത്ത് നിന്ന് പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർ ഒഴികെയുള്ള മുഴുവൻ അംഗങ്ങളും സജീവമായി രംഗത്തിറങ്ങി പ്രവർത്തിക്കണം. രാഷ്ട്രീയക്കാരായ അംഗങ്ങൾ കഴിയുമെങ്കിൽ നമ്മുടെ അംഗങ്ങളെ സഹായിക്കാനുള്ള നിലപാടുകൾ സ്വീകരിക്കുന്നതും നല്ലതാണ്.

ഒരു വാർഡിൽ കുറഞ്ഞത് 50 വോട്ടർമാരുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് വാർഡിലും 100 പേരുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് വാർഡിലും 300 പേരുണ്ടെങ്കിൽ ജില്ലാപഞ്ചായത്ത് വാർഡിലും 100 പേരുണ്ടെങ്കിൽ മുനിസിപ്പൽ വാർഡിലും 200 പേരുണ്ടെങ്കിൽ കോർപ്പറേഷൻ വാർഡിലും നമ്മുടെ സ്ഥാനാർത്ഥികളെ നിറുത്തി മത്സരിപ്പിക്കാൻ പരമാവധി ശ്രമിക്കണം. നമ്മുടെ സ്ഥാനാർത്ഥിയെ നിർണ്ണയിക്കുമ്പോൾ അയാളുടെ വ്യക്തിത്വം, പൊതുജനങ്ങളുടെ ഇടയിലുള്ള സ്വീകാര്യത, തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള താൽപര്യം, എന്നിവ പ്രത്യേകം പരിഗണിക്കണം. കഴിയുന്നിടത്തോളം സ്വീകാര്യനായ വ്യക്തിയെ മത്സരിപ്പിക്കണം. മത്സരാർത്ഥിക്ക് വേണ്ട സാമ്പത്തിക സഹായം എല്ലാവരും കൂട്ടായി കണ്ടെത്തി നൽകണം. ഒരു പഞ്ചായത്തിൽ ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ സ്ഥാനാർത്ഥികളുടെ കൂട്ടായ അഭ്യർത്ഥന എംബിസിഎഫ്  ഭാരവഹികൾ അച്ചടിച്ചു നൽകണം. തെരഞ്ഞെടുപ്പിൽ എല്ലാ സംസ്ഥാന ജില്ലാനേതാക്കളും കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ പ്രചരണത്തിനു പോകണം. തെരഞ്ഞെടുപ്പിൽ തോൽക്കുമെന്ന് ഭയപ്പെടുന്ന ഇതര സ്ഥാനാർത്ഥികൾ നമ്മുടെ സ്ഥാനാർത്ഥികളെ ഭീഷണിപ്പെടുത്തുകയോ പ്രലോഭപ്പിക്കുകയോ ചെയ്യുന്ന പക്ഷം അതിനെശക്തമായി തടയുകയും നമ്മുടെ  സ്ഥാനാർത്ഥികൾക്ക് വേണ്ട മനോബലം നൽകുകയും വേണം.

ഈ തെരഞ്ഞടുപ്പിൽ നമ്മുടെ എംബിസിഎഫ് സമൂഹങ്ങളിൽ  നിന്നും ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ എണ്ണം കുറഞ്ഞത് കഴിഞ്ഞ തവണത്തേതിന്റെ നാലിരട്ടിയും മത്സരിക്കുന്നവരുടെ എണ്ണം കുറഞ്ഞത് കഴിഞ്ഞ തവണത്തേതിന്റെ പത്തിരട്ടിയും  ആയി വർദ്ധിപ്പിക്കണം.

ഈ കാര്യങ്ങൾ പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിനും കേരളത്തിലുടനീളമുള്ള നമ്മുടെ അംഗങ്ങളെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും  ഏകോപിപ്പിക്കുന്നതിനും ഈ സന്ദേശം അവരിൽ എത്തിക്കുന്നതിനും ഭരണ പ്രതിപക്ഷകക്ഷികളുടെയും ബഹുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനും നമ്മുടെ ശക്തി തെളിയിക്കുന്നതിനുമായി എംബിസിഎഫ് സംസ്ഥാനജില്ലാമണ്ഡലം ഭാരവാഹികളും അംഗസംഘടനാനേതാക്കളും ഓരോ അംഗസംഘടനകളുടെയും, ശാഖാ മണ്ഡലം ജില്ലാ സംസ്ഥാന പോഷകസംഘടനാഭാരവാഹികളും പ്രധാനപ്രവർത്തകരും സജീവമായി രംഗത്തിറങ്ങണമെന്നും  അഭ്യർത്ഥിക്കുന്നു.

**വിജയാശംസകളോടെ**

| | | |
|---|---|---|
| **റ്റി.ജി.ഗോപാലകൃഷ്ണൻ**<br>**പ്രസിഡന്റ്** | **വി.വി.കരുണാകരൻ**<br>**വർക്കിംഗ്പ്രസിഡന്റ്** | **എസ്സ്.കുട്ടപ്പൻചെട്ടിയാർ**<br>**ജനറൽസെക്രട്ടറി** |
| **ജഗതിരാജൻ**<br>**ട്രഷറർ** | | **അഡ്വ. പയ്യന്നൂർഷാജി**<br>**സംഘടനാസെക്രട്ടറി** |

**തിരുവനന്തപുരം**

**9-06-2020**